**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3583** — **20.06.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കാസർഗോഡ് പോലീസ് സ്റ്റേഷനിലെ കേസന്വേഷണവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന കൊലപാതക കേസുകളിലെ പ്രതികളെ കേസന്വേഷണത്തിലെ വീഴ്ചകളും പോരായ്മകളും ചൂണ്ടിക്കാട്ടി കോടതി വെറുതെ വിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) കഴിഞ്ഞ പത്തു വർഷങ്ങളായി കാസർഗോഡ് പോലീസ് സ്റ്റേഷനിലെ കൊലപാതകം ഉൾപ്പെടെയുള്ള ഗൗരവതരമായ കേസുകൾ അന്വേഷിച്ച് ബന്ധപ്പെട്ട പ്രധാനരേഖകൾ തയ്യാറാക്കി വരുന്നതാരാണെന്ന് വ്യക്തമാക്കാമോ; ഇവർ നിലവിലും കാസർഗോഡ് പോലീസ് സ്റ്റേഷനിൽ തന്നെ ജോലിചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) കഴിഞ്ഞ 10 വർഷങ്ങളായി കാസർഗോഡ് സ്റ്റേഷൻ പരിധിയിൽ ഉണ്ടായിട്ടുള്ള കൊലപാതക കേസ്സുകൾ അന്വേഷിച്ചിരുന്നത് പോലീസ് ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരാണ്. ടിയാന്മാർ ആരും തന്നെ നിലവിൽ കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരുന്നില്ല. |
| (സി) കഴിഞ്ഞ പത്തു വർഷങ്ങൾക്കിടെ കേസന്വേഷണത്തിലെ വീഴ്ചകളും പോരായ്മകളും ചൂണ്ടിക്കാട്ടി കാസർഗോഡ് പോലീസ് സ്റ്റേഷനിലെ എത്ര കേസുകളിൽ എത്ര പ്രതികളെ കോടതി വെറുതെ വിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br>(ഡി) വെറുതെവിട്ട ഇത്തരം കേസുകൾ അന്വേഷിച്ച് ബന്ധപ്പെട്ട പ്രധാന രേഖകൾ തയ്യാറാക്കിയ പോലീസുദ്യോഗസ്ഥൻമാരുടെ വിവരങ്ങൾ കേസ് തിരിച്ച് വ്യക്തമാക്കാമോ, ഇവർ നിലവിൽ ഏത് പോലീസ് സ്റ്റേഷനിലാണ് ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും (ഇ) യും 2009 മുതൽ 2018 വരെയുള്ള 10 വർഷ കാലയളവിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽ രജിസ്റ്റർ ചെയ്ത 19 കൊലപാതക കേസുകളിൽ 5 കൊലപാതക കേസുകളിൽ പ്രതികളെ കോടതി കുറ്റവിമുക്തരാക്കിയിട്ടുണ്ട്. കൂടാതെ 36 കൊലപാതക ശ്രമ കേസുകളിൽ 5 കേസുകളിലെ പ്രതികളെ ബഹു. കോടതി വെറുതെ വിട്ടിട്ടുണ്ട്.<br>കോടതി വെറുതെ വിട്ട കേസുകളിലെ അന്വേഷണ ഉദ്യോഗസ്ഥന്മാരുടെ പേര് വിവരവും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലവും താഴെ കൊടുക്കുന്നു. |

| ക്രൈം നമ്പർ | അന്വേഷണ ഉദ്യോഗസ്ഥൻ | നിലവിൽ ജോലി ചെയ്യുന്ന സ്ഥലം |
|---|---|---|
| 508/09 | ശ്രീ. ടി.പി. പ്രേമരാജൻ | DySP, DCRB, കണ്ണൂർ |
| 608/09 | ശ്രീ.പി. ബാലകൃഷ്ണൻ നായർ | DySP, SBCID, കാസർഗോഡ് |
| 817/09 | ശ്രീ. കെ.വി. വേണുഗോപാൽ | SDPO, തലശ്ശേരി |
| 25/11 | ശ്രീ. പി. ബാലകൃഷ്ണൻ നായർ | DySP, SBCID, കാസർഗോഡ് |
| 566/11 | ശ്രീ. സി.കെ.സുനിൽ കുമാർ | DI, ക്രൈംബ്രാഞ്ച്, കാസർഗോഡ് |

(ഇ) വർഗ്ഗീയ കൊലപാതക കേസുകളിലടക്കം പ്രതികൾക്ക് ചെറിയ ശിക്ഷപോലും ലഭിക്കാതെ രക്ഷപ്പെടുവാൻ സാഹചര്യം ഒരുക്കുന്ന വിധത്തിൽ വീഴ്ചകളും പോരായ്മകളും വരുത്തി കേസന്വേഷണത്തിലെ പ്രധാനരേഖകൾ തയ്യാറാക്കിയ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ, ഇത്തരം കേസുകളിൽ പുനരന്വേഷണം സാധ്യമാണോ എന്ന് അറിയിക്കാമോ?

അന്വേഷണോദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് കോടതി പ്രതികളെ വെറുതെ വിടുന്നത് എന്ന് കണ്ടെത്തിയിട്ടില്ലാ ത്തതിനാൽ ഇവർക്കെതിരെ നടപടി എടുക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ.**